ST. THOMAS SYRO MALABAR COMMUNITY - MALTA

# the APOSTLE



**#The Rosary is Spiritual Medicine.**

Pope Francis

# എഡിറ്റോറിയൽ

ജപമാലയുടെ പുണ്യം വിതറി വീണ്ടും ഒക്ടോബർ...
പരിശുദ്ധ അമ്മയുടെ കൈപിടിച്ച് ഈശോയുടെ ജീവിതത്തിലൂടെ നടത്തുന്ന തീർത്ഥയാത്രയാണ് ഓരോ ജപമാലയർപ്പണവും. പരിശുദ്ധ അമ്മ എല്ലാ കാലത്തും സഹായത്തിന്റെ പ്രതീകമായാണ് തിരുസഭയിൽ പ്രശോഭിക്കുന്നത്.
ജപമാലഭക്തി വെറുമൊരു ആത്മീയ അനുഷ്ഠാനമല്ല, മറിച്ച് സത്യവിശ്വാസത്തിന്റെ നിലനിൽപ്പിനും പരിപോഷണത്തിനും സഭയുടെ സംരക്ഷണത്തിനും വളരെയേറെ സഹായകമായിട്ടുണ്ട് എന്നതാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത് .

സന്തോഷവും ദുഃഖവും മഹിമയും പ്രകാശവും മാറിമാറി വരുന്ന മനുഷ്യജീവിതവും ജപമാല മണികളാൽ ബന്ധിതമാകട്ടെ. അങ്ങനെ പരിശുദ്ധ അമ്മയോടൊപ്പം കൂടുതൽ കൃപ നിറഞ്ഞ ജീവിതം നയിക്കുവാൻ ഈ ജപമാല മാസം നമ്മെ സഹായിക്കട്ടെ... ഒക്ടോബർ ഒരു അനുഗ്രഹമാകട്ടെ...

ഫാ.മാത്യുപുതുപ്പറമ്പിൽ

# അടുത്തറിയാം പുതിയ ഇടയനെ

## പ്രിയപ്പെട്ട ജോസിയച്ചന് സ്വാഗതം.



മാൾട്ടയുടെ മണ്ണിൽ തോമാശ്ലീഹായുടെ മക്കളെ വിശ്വാസത്തിന്റെ പാതയിൽ മുന്നോട്ട് നയിക്കുവാനുള്ള

ദൈവനിയോഗം ഏറ്റെടുത്ത് എത്തിയിരിക്കുന്ന പുതിയ ഇടയനാണ് ഫാ. മാത്യു പുതുപ്പറമ്പിൽ. മാൾട്ടയിലെ സീറോ മലബാർ സഭാമക്കൾ ഇതിനോടകം തന്നെ സ്നേഹപൂർവ്വം തങ്ങളുടെ ഹൃദയത്തിലേക്ക് ഏറ്റെടുത്തുകഴിഞ്ഞ ഈ പ്രിയപ്പെട്ട ഇടയന്റെ സാന്നിധ്യം, നമ്മുടെ വിശ്വാസസമൂഹത്തിന് പുതിയൊരു ആത്മീയ അധ്യായത്തിന് തുടക്കമിടുകയാണ്.
ബിനോജ് അച്ചൻ നട്ടുവളർത്തുകയും ജോഫി അച്ചൻ പരിപാലിക്കുകയും ചെയ്ത മാൾട്ടയിലെ സീറോ മലബാർ സമൂഹത്തെ ഇനി കൂടുതൽ സ്നേഹത്തോടെയും കരുതലോടെയും മുന്നോട്ട് നയിക്കാനുള്ള വലിയ ഉത്തരവാദിത്വമാണ് ജോസിയച്ചന്റെ ദൗത്യം. തോമാശ്ലീഹായുടെ മക്കൾക്ക് പൗലോസ്ലീഹായുടെ നാട്ടിൽ, പ്രവാസത്തിന്റെ കല്ലും മുള്ളും നിറഞ്ഞ വഴികളിലൂടെ സഞ്ചരിക്കുമ്പോൾ, കരുത്തും കാവലുമായി, ആത്മീയ പിതാവായി, പ്രിയപ്പെട്ട ജോസിയച്ചൻ കൂടെയുണ്ടാകും.

ദൈവത്തിന്റെ സ്വന്തം നാട് എന്ന വിശേഷണം കേരളത്തിന് ലഭിച്ചത് പ്രകൃതി കനിഞ്ഞുനൽകിയ അതുല്യമായ സൗന്ദര്യം കൊണ്ടാണെങ്കിൽ, ആ സൗന്ദര്യത്തിന്റെ മറ്റൊരു മനോഹര അധ്യായമാണ് ഇടുക്കി. എത്ര വർണ്ണിച്ചാലും തീരാത്ത പ്രകൃതിഭംഗിയും അനുഭവിച്ചവർക്ക് ജീവിതകാലം മുഴുവൻ ഗൃഹാതുരത്വത്തിന്റെ കുളിരുള്ള ഓർമ്മകളും സമ്മാനിക്കുന്ന നാടാണ് ഇടുക്കി. അവിടുത്തെ ഓരോ ഗ്രാമവും പട്ടണവും ആ പ്രകൃതിസൗന്ദര്യത്തിന് മാറ്റുകൂട്ടുന്നു.
ഇടുക്കിയിലെ പ്രമുഖ പട്ടണമായ കട്ടപ്പനയിൽ നിന്ന് ഏകദേശം 15 കിലോമീറ്റർ അകലെ, പ്രകൃതിരമണീയമായ ചെമ്പകപ്പാറ എന്ന ഗ്രാമത്തിലാണ് 1983 ഏപ്രിൽ 30-ന് പുതുപ്പറമ്പിൽ തോമസ്-റോസമ്മ ദമ്പതികളുടെ മകനായി ഫാ.മാത്യു ജനിച്ചത്.

ബാല്യവും സ്കൂൾ വിദ്യാഭ്യാസവും ചെമ്പകപ്പാറയിൽ തന്നെയായിരുന്നു. മാതാപിതാക്കൾ പകർന്നുനൽകിയ വിശ്വാസപൈതൃകവും ഇടവക ദൈവാലയവുമായി ചേർന്നുള്ള ജീവിതവും ബാല്യകാലം മുതൽ അദ്ദേഹത്തിന്റെ ജീവിതത്തെ രൂപപ്പെടുത്തി. അതുകൊണ്ടുതന്നെ ദൈവവിളി തിരിച്ചറിയാൻ അദ്ദേഹത്തിന് ഏറെ ആലോചിക്കേണ്ടിവന്നില്ല. "ഇതാ കർത്താവിന്റെ ദാസി" എന്ന് പറഞ്ഞ് രക്ഷാകരകർമ്മത്തിൽ പങ്കാളിയായ പരിശുദ്ധ കന്യകാമറിയത്തെപ്പോലെ, തന്റെ ജീവിതവും ദൈവത്തിനും ദൈവജനത്തിനുമായി സമർപ്പിക്കണമെന്ന ആഗ്രഹം അദ്ദേഹത്തിന്റെ ഉള്ളിലുദിച്ചു .വിശ്വാസത്തിന്റെ തീക്ഷണതയിൽ അതൊരു തീരുമാനമായി മാറി.

മാതാപിതാക്കളും സഹോദരനും രണ്ട് സഹോദരിമാരും അടങ്ങുന്ന കുടുംബം പ്രിയപ്പെട്ട മകന്റെ തീരുമാനത്തിന് പൂർണ്ണ പിന്തുണ നൽകി. പ്രാർത്ഥനയിലൂടെയും സ്നേഹത്തിലൂടെയും ആ പിന്തുണ ഇന്നും തുടരുന്നു.
കോട്ടയം വടവാതൂർ സെമിനാരിയിലായിരുന്നു ജോസിയച്ചന്റെ വൈദികപരിശീലനം. പഠനവും പരിശീലനവും പൂർത്തിയാക്കിയ ശേഷം 2008 ഡിസംബർ 30-ന് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ച് പ്രഥമ ദിവ്യബലി അർപ്പിച്ചു.

പൗരോഹിത്യശുശ്രൂഷയുടെ വർഷങ്ങളിൽ ഇടുക്കി രൂപതയിലെ വിവിധ ഇടവകകളിൽ അദ്ദേഹം സമർപ്പിത സേവനം നടത്തി. വാഴത്തോപ്പ് സെന്റ് ജോർജ് ഇടവകയിലും തങ്കമണി ഫൊറോനാ ദൈവാലയത്തിലും അസിസ്റ്റന്റ് വികാരിയായും, ജോസ്ഗിരി സെന്റ് ജോസഫ് ഇടവക, പച്ചടി സെന്റ് ജോസഫ് ഇടവക, കീരിത്തോട് നിത്യസഹായമാതാ ഇടവക, പാണ്ടിപ്പാറ സെന്റ് ജോസഫ് ഇടവക, തോപ്രാംകുടി മരിയ ഗൊരേത്തി ഇടവക എന്നിവിടങ്ങളിൽ വികാരിയായും അദ്ദേഹം ശുശ്രൂഷ ചെയ്തു.

ഇടവകകളിലെ ദൈവജനത്തിന്റെ ജീവിതത്തോടൊപ്പം നടക്കാനും അവരുടെ സന്തോഷങ്ങളിലും വേദനകളിലും പങ്കുചേരാനും അവരെ ദൈവത്തിലേക്ക് കൂടുതൽ അടുപ്പിക്കാനും ഈ വർഷങ്ങൾ അദ്ദേഹത്തിന് അവസരമായി. മലയോരഗ്രാമങ്ങളിലെ സാധാരണക്കാരായ മനുഷ്യരുടെ ജീവിതവും വിശ്വാസവും പ്രതീക്ഷകളും അടുത്തറിഞ്ഞ ഈ അനുഭവങ്ങൾ അദ്ദേഹത്തിന്റെ ഇടയശുശ്രൂഷയ്ക്ക് ആഴവും കരുത്തും നൽകി.
ആത്മീയ ശുശ്രൂഷയ്ക്കൊപ്പം സാമൂഹികവും വിദ്യാഭ്യാസപരവുമായ മേഖലകളിലും ജോസിയച്ചൻ തന്റെ കഴിവുകൾ വിനിയോഗിച്ചു. തിയോളജി, ഫിലോസഫി എന്നീ വിഷയങ്ങളിൽ ബിരുദങ്ങൾ നേടിയ അദ്ദേഹം സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി.

രാജമുടി മാർ സ്ലീവാ കോളേജിലെ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് പ്രൊഫസറായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി രൂപതയുടെ വിവിധ കാലഘട്ടങ്ങളിലായി തിരുബാലസഖ്യം, കെ.സി.എസ്.എൽ. എന്നീ സംഘടനകളുടേയും. കുടുംബക്കൂട്ടായ്മയുടേയും ഡയറക്ടറായി അദ്ദേഹം പ്രവർത്തിച്ചു.

വിദ്യാഭ്യാസം, സാമൂഹിക സേവനം, യുവജന, കുടുംബ ശുശ്രൂഷ, ഇടവക നേതൃത്വം തുടങ്ങി വിവിധ മേഖലകളിലൂടെയുള്ള ഈ അനുഭവസമ്പത്ത് മാൾട്ടയിലെ സീറോ മലബാർ സമൂഹത്തിന്റെ വൈവിധ്യമാർന്ന ആവശ്യങ്ങളെ മനസ്സിലാക്കുന്നതിനും ഫലപ്രദമായി ശുശ്രൂഷിക്കുന്നതിനും അദ്ദേഹത്തിന് വലിയ കരുത്താകുമെന്നതിൽ സംശയമില്ല.

ഇടുക്കിയിലെ മലയോരഗ്രാമങ്ങളിലെ ദൈവജനത്തിന്റെ ഹൃദയത്തുടിപ്പ് അറിഞ്ഞ്, അവരുടെ ജീവിതവഴികളിലൂടെ ഒപ്പം നടന്ന്, അവരെ ദൈവത്തോട് കൂടുതൽ ചേർത്തുനിർത്തിയ നീണ്ട വർഷങ്ങളുടെ ആത്മീയാനുഭവവുമായാണ് പ്രിയപ്പെട്ട ജോസിയച്ചൻ മാൾട്ടയുടെ മണ്ണിലെത്തിയിരിക്കുന്നത്.

ഇത് ഒരു പുതിയ സ്ഥലത്തേക്കുള്ള യാത്ര മാത്രമല്ല; ഒരു പുതിയ ദൗത്യത്തിലേക്കുള്ള യാത്രയാണ്. ഒരു പുതിയ ഇടവകയിലേക്കുള്ള വരവ് മാത്രമല്ല; ഒരു വലിയ വിശ്വാസകുടുംബത്തിന്റെ ഹൃദയത്തിലേക്കുള്ള പ്രവേശനമാണ്. പ്രവാസജീവിതത്തിന്റെ തിരക്കുകളും വെല്ലുവിളികളും നിറഞ്ഞ ഈ മണ്ണിൽ നമ്മുടെ വിശ്വാസം തലമുറകളിലേക്ക് കൈമാറേണ്ട വലിയ ഉത്തരവാദിത്വമാണ് നമുക്കുള്ളത്. കുടുംബങ്ങളെയും യുവജനങ്ങളെയും കുട്ടികളെയും മുതിർന്നവരെയും ഒരുമിച്ച് ചേർത്തുനിർത്തി, ദൈവാലയത്തെ വിശ്വാസത്തിന്റെ ഭവനമാക്കി, സ്നേഹത്തിലും കൂട്ടായ്മയിലും വളരാൻ നമ്മെ പ്രചോദിപ്പിക്കുവാൻ ജോസിയച്ചന്റെ ഇടയസാന്നിധ്യം നമുക്ക് കരുത്താകട്ടെ.

തോമാശ്ലീഹായുടെ വിശ്വാസപൈതൃകം നെഞ്ചിലേറ്റിയ മാൾട്ടയിലെ സീറോ മലബാർ സമൂഹത്തിലേക്ക്, സ്നേഹത്തിന്റെ ഇടയനായി ജോസിയച്ചന് ഹൃദയപൂർവ്വം സ്വാഗതം.
നമ്മുടെ യാത്രയിൽ ഇനി മുന്നിൽ പുതിയ വഴികളാണ്. ആ വഴികളിൽ ദൈവവചനം വഴികാട്ടിയും പരിശുദ്ധ കുർബാന കരുത്തായും മാതാവിന്റെ മാധ്യസ്ഥ്യം കാവലായും, പരസ്പരസ്നേഹം നമ്മുടെ കൂട്ടായ്മയുടെ അടയാളമായും മാറട്ടെ.

പ്രിയപ്പെട്ട ജോസിയച്ചന് മാൾട്ടയിലെ ശുശ്രൂഷാകാലം അനുഗ്രഹപൂർണ്ണവും ഫലദായകവുമാകട്ടെ.

ജോസിയച്ചന് സ്നേഹപൂർവ്വം സ്വാഗതം...



# ജപമാലമാസാചരണം; വിവിധ സോണുകളിലായി

മാൾട്ട സെന്റ് തോമസ് സീറോ മലബാർ കമ്മ്യൂണിറ്റിയിൽ വിവിധ സോണുകളിലായി, മുൻ വർഷങ്ങളിലേതുപോലെ തന്നെ ഈവർഷവും ജപമാല മാസാചരണം നടത്തിവരുന്നു. ഓരോ ഭവനങ്ങളിലേയും ആളുകളുടെ സാഹചര്യങ്ങൾക്കനുസരിച്ച് സ്ലോട്ടുകൾ തിരഞ്ഞെടുത്ത് സോണിൽ നിന്നും സാധിക്കുന്ന എല്ലാവരും ഓരോ ദിവസവും ഓരോ ഭവനങ്ങളിൽ ഒത്തുകൂടി അതീവ ഭക്തിയോടെ ജപമാല ചൊല്ലി പ്രാർത്ഥിച്ചു വരുന്നു.

. ഒക്ടോബർ മാസം മുഴുവനും കമ്മ്യൂണിറ്റിയിലെ ഏതെങ്കിലും ഭവനങ്ങളിൽ നിന്ന് ഒത്തൊരുമിച്ചുള്ള ജപമാല പ്രാർത്ഥന ഉയരുന്നു. ഒക്ടോബർ അവസാനത്തോടെ ജപമാല സമാപനവും ഉണ്ടായിരിക്കുന്നതാണ്.

# മാൾട്ടയിലെ മലയാളി കുടുംബങ്ങളിൽ ജപമാലയുടെ നാദം

## ഒക്ടോബർ — പരിശുദ്ധ ജപമാലയുടെ മാസം

**ഇതാ, കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ."**
**(ലൂക്കാ 1:38)**

പരിശുദ്ധ ജപമാല കത്തോലിക്കാ സഭയുടെ ഏറ്റവും പ്രിയപ്പെട്ട മരിയൻ പ്രാർത്ഥനകളിലൊന്നാണ്. നൂറ്റാണ്ടുകളായി വിശ്വാസികളുടെ ജീവിതത്തിൽ ജപമാല പ്രാർത്ഥനയ്ക്ക് പ്രത്യേക സ്ഥാനമുണ്ട്. വിശുദ്ധ ഡൊമിനിക്കിന്റെ കാലം മുതൽ ജപമാലയുടെ ഭക്തി സഭയിൽ വ്യാപകമായി വളർന്നു വന്നതായി പാരമ്പര്യം പറയുന്നു. പ്രത്യേകിച്ച് 15-ാം നൂറ്റാണ്ടിൽ വാഴ്ത്തപ്പെട്ട അലൻ ഡി ലാ റോച്ചിന്റെ പ്രവർത്തനങ്ങളിലൂടെ ജപമാല ഭക്തി കൂടുതൽ പ്രചരിച്ചു. പിന്നീട് സഭയിലെ വിവിധ മാർപ്പാപ്പമാർ ജപമാലയുടെ പ്രാധാന്യം വിശ്വാസികളെ ഓർമ്മിപ്പിക്കുകയും ജപമാല ചൊല്ലുന്നതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

1917-ൽ ഫാത്തിമയിൽ പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ടപ്പോൾ ജപമാല ചൊല്ലാൻ പ്രത്യേകമായി ആഹ്വാനം ചെയ്തതായി കത്തോലിക്കാ പാരമ്പര്യം പഠിപ്പിക്കുന്നു. ലോകസമാധാനത്തിനും കുടുംബങ്ങളുടെ സംരക്ഷണത്തിനും മാനസാന്തരത്തിനുമായി ജപമാല പ്രാർത്ഥിക്കാൻ സഭ നിരന്തരം പ്രോത്സാഹിപ്പിച്ചുവരുന്നു. അതുകൊണ്ടുതന്നെ ജപമാല ഒരു സാധാരണ പ്രാർത്ഥന മാത്രമല്ല; വിശ്വാസം, പ്രത്യാശ, സമാധാനം, മാനസാന്തരം എന്നിവയിലേക്ക് നയിക്കുന്ന ഒരു ആത്മീയ യാത്രയാണ്.

ഒക്ടോബർ മാസം കത്തോലിക്കാ സഭയിൽ പരിശുദ്ധ ജപമാലയുടെ മാസമായി ആചരിക്കുന്നു. ജപമാലയിലെ ഓരോ രഹസ്യവും ക്രിസ്തുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെ ധ്യാനിക്കാൻ നമ്മെ ക്ഷണിക്കുന്നു. യേശുവിന്റെ ജനനം മുതൽ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവും വരെ മറിയത്തിന്റെ കണ്ണുകളിലൂടെ ധ്യാനിക്കുമ്പോൾ, ജപമാലയുടെ ഹൃദയത്തിൽ യഥാർത്ഥത്തിൽ ക്രിസ്തുവാണ് എന്ന് നമുക്ക് തിരിച്ചറിയാം.

### ഒരു കുടുംബത്തെ ഒന്നിപ്പിക്കുന്ന പ്രാർത്ഥന

മാൾട്ടയുടെ മണ്ണിൽ ജീവിക്കുന്ന മലയാളി സമൂഹത്തിന് ജപമാലയ്ക്ക് ഒരു പ്രത്യേക സ്ഥാനമുണ്ട്. ആയിരക്കണക്കിന് കിലോമീറ്റർ അകലെയുള്ള ജന്മനാട്ടിൽ നിന്ന് മാറി, വ്യത്യസ്തമായ ഭാഷയും സംസ്കാരവും ജീവിതസാഹചര്യങ്ങളും അനുഭവിച്ചുകൊണ്ട് നാം ഇവിടെ കുടുംബങ്ങളായി ജീവിക്കുന്നു. എന്നാൽ നമ്മുടെ വീടുകളിൽ ഇന്നും ജപമാലയുടെ മണികൾ കിലുങ്ങുമ്പോൾ, അത് നമ്മെ നമ്മുടെ വേരുകളിലേക്കും വിശ്വാസപാരമ്പര്യത്തിലേക്കും കുടുംബബന്ധങ്ങളിലേക്കും തിരികെ കൊണ്ടുപോകുന്നു.

**"ജപമാലയുടെ മണികൾ കൈകളിൽ മാത്രമല്ല, ഹൃദയത്തിലും പിടിക്കാം; ഓരോ മണിയിലും നമ്മുടെ ജീവിതം മറിയത്തിന്റെ കൈകളിൽ സമർപ്പിക്കാം."**



ജോലി, പഠനം, യാത്ര, കുട്ടികളുടെ വിവിധ പ്രവർത്തനങ്ങൾ ഓരോ ദിവസവും നമ്മെ പല ദിശകളിലേക്ക് കൊണ്ടുപോകുന്നു. അതിനിടയിൽ കുടുംബമായി ഒരുമിച്ചിരുന്ന് ജപമാല ചൊല്ലുന്ന ചെറിയ നിമിഷങ്ങൾ ഒരു കുടുംബത്തിന്റെ ഏറ്റവും വിലപ്പെട്ട ആത്മീയ നിമിഷങ്ങളായി മാറുന്നു.

മാതാപിതാക്കൾ മക്കളോടൊപ്പം പ്രാർത്ഥിക്കുമ്പോൾ അവർ ഒരു പ്രാർത്ഥന മാത്രമല്ല പഠിപ്പിക്കുന്നത്; മറിച്ച് വിശ്വാസത്തിന്റെ ഒരു പാരമ്പര്യമാണ് കൈമാറുന്നത്.

**മറിയത്തോടൊപ്പം യേശുവിലേക്ക്**

മറിയം കാനായിൽ പറഞ്ഞതുപോലെ
"**അവൻ നിങ്ങളോടു പറയുന്നതെന്തും ചെയ്യുവിൻ.**"
(**യോഹന്നാൻ** 2:5)

മറിയത്തിന്റെ ഈ വാക്കുകൾ ഇന്നും നമ്മെ യേശുവിലേക്ക് നയിക്കുന്നു. നമ്മുടെ സന്തോഷങ്ങളും വിഷമങ്ങളും, മക്കളുടെ ഭാവിയും, ജോലിയുടെ ബുദ്ധിമുട്ടുകളും, രോഗങ്ങളും ആശങ്കകളും എല്ലാം ജപമാലയിലൂടെ പരിശുദ്ധ അമ്മയുടെ കരങ്ങളിൽ സമർപ്പിക്കാം.

**ഈ ഒക്ടോബറിൽ ഒരു ചെറിയ തീരുമാനം**

"എല്ലാ ദിവസവും ഒരു ജപമാല കഴിയുമെങ്കിൽ കുടുംബമായി."

നമ്മുടെ വീടുകൾ ചെറിയ പ്രാർത്ഥനാലയങ്ങളാകട്ടെ. നമ്മുടെ കുടുംബങ്ങൾ ചെറിയ വിശ്വാസസമൂഹങ്ങളാകട്ടെ. നമ്മുടെ മക്കൾ ജപമാലയുടെ ശബ്ദത്തിൽ വളരട്ടെ.

ഒക്ടോബർ 7-ന് ആചരിക്കുന്ന പരിശുദ്ധ ജപമാല രാജ്ഞിയുടെ തിരുനാൾ ഈ പ്രാർത്ഥനാപാരമ്പര്യം പുതുക്കാനുള്ള ഒരു പ്രത്യേക അവസരമാണ്.

മാൾട്ടയുടെ മണ്ണിൽ നമ്മുടെ വീടുകളിൽ നിന്ന് ഉയരുന്ന ഓരോ "നന്മ നിറഞ്ഞ മറിയമേ..."യും നമ്മുടെ കുടുംബങ്ങളെ വിശ്വാസത്തിൽ ഒന്നിപ്പിക്കട്ടെ.

പരിശുദ്ധ ജപമാല രാജ്ഞി,
മാൾട്ടയിലെ മലയാളി കുടുംബങ്ങളെ കാത്തുകൊള്ളണമേ.
ഞങ്ങളുടെ മക്കളെ അനുഗ്രഹിക്കണമേ.
ഞങ്ങളുടെ വീടുകളിൽ സമാധാനം നിറയ്ക്കണമേ.
ഞങ്ങളെ നിന്റെ പുത്രനായ യേശുവിലേക്ക് നയിക്കണമേ.

**"ജപമാലയുടെ മണികൾ കൈകളിൽ മാത്രമല്ല, ഹൃദയത്തിലും പിടിക്കാം; ഓരോ മണിയിലും നമ്മുടെ ജീവിതം മറിയത്തിന്റെ കൈകളിൽ സമർപ്പിക്കാം."**

പരിശുദ്ധ ജപമാല രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
പരിശുദ്ധ മറിയമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**ജിജോ വർഗ്ഗീസ്**

# സൗഹൃദത്തിന്റെയും വിശ്വാസത്തിന്റെയും നിറവിൽ യുവജന സംഗമം

## SMYM Grand Youth Meet 2026

മാൾട്ടയിലെ യുവജനങ്ങൾക്കായി സീറോ മലബാർ യൂത്ത് മൂവ്മെന്റ് (SMYM) മാൾട്ട സംഘടിപ്പിച്ച SMYM Grand Youth Meet 2026 സെപ്റ്റംബർ 21-ന് സാന്റ വെനേരയിൽ ആവേശപൂർവം നടന്നു.

അമ്പതോളം യുവജനങ്ങൾ ഒത്തുചേർന്ന സംഗമം സൗഹൃദത്തിന്റെയും വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും മനോഹരമായ അനുഭവമായിരുന്നു.

ഉച്ചയ്ക്ക് ഒരു മണിക്ക് ആരംഭിച്ച പരിപാടിയിലേക്ക് SMYM മാൾട്ടയുടെ അസിസ്റ്റന്റ് കോർഡിനേറ്റർ ശ്രീമതി ജോഷിത ഏവരെയും ഹൃദയപൂർവം സ്വാഗതം ചെയ്തു. തുടർന്ന് SMYM മാൾട്ട കോർഡിനേറ്റർ ശ്രീ. റോഷൻ അധ്യക്ഷപ്രസംഗം നടത്തി. ഇടവക വികാരി റവ. ഫാ. ജോസി പുതുപറമ്പിൽ സംഗമം ഉദ്ഘാടനം ചെയ്തു.

പുതുതായി യുവജനങ്ങൾക്ക് ഇടവകയെയും SMYM നെയും പരിചയപ്പെടുത്തുന്നതിനായി ലളിതമായ ഒരു ആമുഖപരിപാടിയും സംഘടിപ്പിച്ചു. തുടർന്ന് പരസ്പരം പരിചയപ്പെടാനും സൗഹൃദങ്ങൾ പങ്കുവെക്കാനും അവസരം ലഭിച്ചതോടെ സംഗമത്തിന്റെ തുടക്കം തന്നെ ഉല്ലാസഭരിതമായി.

കളിയും ചിരിയും നിറഞ്ഞ അന്തരീക്ഷത്തിനിടയിൽ യുവജനങ്ങൾക്ക് വിശ്വാസജീവിതത്തെക്കുറിച്ച് ചിന്തിക്കാനും ആത്മീയമായ ഓർമപ്പെടുത്തലുകൾ നൽകാനും ഡിബേറ്റ് സംഘടിപ്പിച്ചു. നാല് ടീമുകളായി തിരിച്ച് വ്യത്യസ്ത വിഷയങ്ങൾ ചർച്ചയ്ക്കായി നൽകി.

ഡിബേറ്റ് ആവേശത്തോടെയും വാശിയോടെയുമാണ് യുവജനങ്ങൾ ഏറ്റെടുത്തത്.

ശ്രീമതി ജിജി ശ്രീമതി ബെറ്റ്സി എന്നിവർ ഡിബേറ്റ് നിയന്ത്രിച്ചു.

ഒരാൾ പോലും മാറിനിൽക്കാതെ എല്ലാവരും സജീവമായി പങ്കെടുത്ത ഡിബേറ്റ് ഏറെ ശ്രദ്ധേയമായി.

തുടർന്നു SMYM ഒരുക്കിയിരുന്ന റിഫ്രഷ്മെന്റും യുവജനങ്ങൾക്കായി നൽകി.

ശ്രീ. റോഷൻ, ശ്രീ. റോയ്സൺ, ശ്രീമതി സാന്ദ്ര എന്നിവർ വിവിധ വിനോദഗെയിമുകൾക്ക് നേതൃത്വം നൽകി. കളികളും ചിരികളും സൗഹൃദനിമിഷങ്ങളും സംഗമത്തിന് കൂടുതൽ നിറം പകർന്നു.
പരിപാടിയുടെ ആവേശം വർധിപ്പിച്ച് ശ്രീ. ജസ്റ്റിന്റെ നേതൃത്വത്തിലുള്ള SMYM Ignite Band കൂടി അരങ്ങിലെത്തിയതോടെ Grand Youth Meet കൂടുതൽ ശ്രദ്ധേയമായി. ആക്ഷൻ സോങ്ങുകളും നൃത്തവും ഗാനങ്ങളും ചേർന്ന ആഘോഷനിമിഷങ്ങൾ യുവജനങ്ങൾക്ക് മറക്കാനാകാത്ത അനുഭവമായി മാറി.












വൈകുന്നേരം ആറുമണിയോടെ ഭക്തിനിർഭരമായ ജപമാല ആരംഭിച്ചു. ഓരോരുത്തർക്കും പ്രാർത്ഥനയിൽ പ്രത്യേകം ഓർക്കുന്നതിനായി ഒരു പ്രാർത്ഥനാസുഹൃത്തിനെ ലഭിച്ചതോടെ എല്ലാവരും സജീവമായി പ്രാർത്ഥനയിൽ പങ്കുചേർന്നു.

















ആഘോഷത്തിനിടയിലും വിശ്വാസത്തിനും പ്രാർത്ഥനയ്ക്കും നൽകിയ പ്രാധാന്യം സംഗമത്തിന്റെ ആത്മീയഭാവം കൂടുതൽ ആഴപ്പെടുത്തി.
വൈകുന്നേരം ഏഴുമണിയോടെ യുവജന സംഗമം സമാപിക്കുമ്പോൾ, സൗഹൃദവും വിശ്വാസവും ഒരുമിച്ച് പങ്കുവെക്കാനുള്ള വേദിയായി SMYM Grand Youth Meet 2026 മാറി.

പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും സെക്രട്ടറി അലീന നന്ദി അറിയിച്ചു. യുവജനങ്ങളുടെ കൂട്ടായ്മയും പങ്കാളിത്തവും നിറഞ്ഞ SMYM Grand Youth Meet 2026, മാൾട്ടയിലെ SMYM പ്രവർത്തനങ്ങൾക്ക് പുതിയ ഉണർവും ഊർജവും പകരുന്ന മനോഹരമായ ഒരു ദിനമായി മാറി.




# വാർഷികാഘോഷത്തിനൊരുങ്ങി പൗള സെന്റ് മേരീസ് സോൺ;വിവിധ മത്സരങ്ങൾ നടത്തി

വിപുലമായ വാർഷീകാഘോഷത്തിനായുള്ള ഒരുക്കിത്തിലാണ് പൗള സെന്റ് മേരീസ് സോൺ. ഇതിനോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ നടന്നു. ബൈബിൾ ക്വിസ് , ഉപന്യാസ രചന, കുട്ടികൾക്കായി കളറിംഗ് മത്സരം എന്നിവയാണ് നടന്നത്. സെപ്റ്റംബർ 26 ശനിയാഴ്ചയാണ് മത്സരങ്ങൾ നടന്നത്.

പൗള ബസലിക്കയോട് ചേർന്നുള്ള ഹാളാണ് മത്സരങ്ങൾക്ക് വേദിയായത്. കുട്ടികളുടേയും മുതിർന്നവരുടേയും അതീവ താത്പര്യത്തോടെയുള്ള പങ്കാളിത്തം ശ്രദ്ധേയമായി. വികാരി ഫാ മാത്യു പുതുപ്പറമ്പിൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകിയതോടെയാണ് മത്സരങ്ങൾ ആരംഭിച്ചത്.

പങ്കെടുത്തവരെല്ലാം തന്നെ മികച്ച പ്രകടം കാഴ്ചവെച്ച മത്സരത്തിന്റെ സമ്മാനങ്ങൾ വാർഷിക ദിനത്തിൽ വിതരണം ചെയ്യും.

























# മതബോധനം വിശ്വാസവളർച്ചയുടെ ആദ്യപടി



ജന്മനാടിന്റെ സംസ്കാരത്തിൽ നിന്നും അകന്ന്, വ്യത്യസ്തമായൊരു സംസ്കാരത്തിൽ മാൾട്ടയിൽ വളരുന്ന നമ്മുടെ കുഞ്ഞുങ്ങൾക്ക് വിശ്വാസവും പാരമ്പര്യവും ജീവിതമൂല്യങ്ങളും പകർന്നു നൽകുന്നതിൽ മതബോധനത്തിന് വലിയ പങ്കുണ്ട്.

ഇന്നത്തെ കുഞ്ഞുങ്ങൾ വളരുന്നത് വളരെ വ്യത്യസ്തമായ ഒരു ലോകത്താണ്. മൊബൈൽ ഫോൺ, സോഷ്യൽ മീഡിയ, ഇന്റർനെറ്റ്, വിവിധ സംസ്കാരങ്ങൾ എന്നിവയെല്ലാം കുട്ടികളുടെ ചിന്തകളെയും ജീവിതരീതികളെയും സ്വാധീനിക്കുന്നു. നാം അവരെ മതബോധനത്തിന് അയക്കുമ്പോൾ, അത് കുഞ്ഞുഹൃദയങ്ങളിൽ വിശ്വാസത്തിന്റെ വിത്ത് നട്ടുവളർത്തുന്ന ഒരു ദൗത്യമാണ്.

ഉദാഹരണത്തിന്, നാം ഒരു വിത്ത് പാകുമ്പോൾ അത് എങ്ങനെയാണ് ഒരു വലിയ വൃക്ഷമായി വളരുന്നത്?
അത് ചെറിയ തൈ ആയിരിക്കുമ്പോൾ അതിനു കൂടുതൽ പരിചരണം ആവശ്യമാണ്. ഇന്നു നാം വെള്ളവും വളവും കൊടുക്കണം. നാളെ അത് വലിയൊരു വൃക്ഷമാകും. അന്ന് അതിന്റെ തണൽ മറ്റുള്ളവർക്ക് ആശ്വാസമാകും. അതിനു സഹായിച്ചത് നാം കാണാതെ അതിന്റെ വേരുകൾ ഭൂമിയുടെ അടിയിലേക്ക് വളർന്നിരുന്നതുകൊണ്ടാണ്.
ഇതാണ് മതബോധനത്തിന്റെ ദൗത്യം.

ഒരു കുട്ടി മതബോധന ക്ലാസിൽ പഠിക്കുന്ന ഓരോ പ്രാർത്ഥനയും, ഓരോ ബൈബിൾ വചനവും, ഓരോ വിശുദ്ധരുടെ ജീവിതവും, ഓരോ ചെറിയ നല്ല പ്രവൃത്തിയും അവന്റെ ഹൃദയത്തിൽ നട്ടുവയ്ക്കുന്ന വിശ്വാസത്തിന്റെ വിത്തുകളാണ്. ചിലപ്പോൾ നമുക്ക് ഉടൻ ഫലം കാണാൻ കഴിയില്ല. കുട്ടി പഠിച്ച വചനം മറന്നുപോകാം.

പ്രാർത്ഥിക്കാൻ മടിക്കാം. പള്ളിയിൽ വരാൻ താല്പര്യമില്ലാതിരിക്കാം. പക്ഷേ, വിത്ത് മണ്ണിനടിയിൽ കിടക്കുന്നതുപോലെ ആ വചനങ്ങളും മൂല്യങ്ങളും അവരുടെ ഹൃദയത്തിൽ നിലനിൽക്കും. നാളെ ജീവിതത്തിൽ ഒരു പ്രതിസന്ധി വരുമ്പോൾ, ഒരു തെറ്റായ തീരുമാനം എടുക്കേണ്ടി വരുമ്പോൾ, ആ വിശ്വാസത്തിന്റെ വേര് അവരെ ശരിയായ വഴിയിലേക്ക് നയിക്കും. അന്ന് അവർ ചിന്തിച്ചേക്കാം "ദൈവം എന്നോടൊപ്പം ഉണ്ട് ". അതാണ് മതബോധനത്തിന്റെ ശക്തി.

അതുകൊണ്ട്, നമ്മുടെ വിശ്വാസവും പാരമ്പര്യവും അവർക്ക് കൈമാറുന്നതിൽ മാതാപിതാക്കളുടെയും മതാധ്യാപകരുടെയും പങ്ക് വളരെ വലുതാണ്. പുതിയ തലമുറയെ നമുക്ക് നഷ്ടപ്പെടുത്തരുത്. അവർ ജീവിക്കുന്ന സമൂഹത്തെ മനസ്സിലാക്കി വിശ്വാസത്തോടെ മുന്നോട്ട് പോകാനുള്ള ആത്മവിശ്വാസം അവർക്ക് നൽകണം.
നമ്മുടെ കുഞ്ഞുങ്ങളെ കുറ്റപ്പെടുത്തുന്നതിനേക്കാൾ അവരുടെ ലോകത്തെ മനസ്സിലാക്കി അവരോടൊപ്പം നടക്കുകയാണ് വേണ്ടത്.

അവരോട് "പ്രാർത്ഥിക്കണം" എന്നു പറയുന്നതിനോടൊപ്പം നാം പ്രാർത്ഥിക്കുന്ന മാതൃക കാണിക്കണം.
"പള്ളിയിൽ പോകണം" എന്നു പറയുന്നതിനൊപ്പം വിശ്വാസത്തോടെ പള്ളിയിലേക്കു അവരോടൊപ്പം നടക്കണം.
"നല്ലവരാകണം" എന്നു പറയുന്നതിനൊപ്പം നമ്മുടെ ജീവിതത്തിലൂടെ നന്മ കാണിച്ചുകൊടുക്കണം. കാരണം കുഞ്ഞുങ്ങൾ നമ്മുടെ വാക്കുകളെക്കാൾ കൂടുതൽ നമ്മുടെ ജീവിതമാണ് പഠിക്കുന്നത്.
ഇന്നത്തെ കുഞ്ഞുങ്ങളാണ് നാളത്തെ സഭയും സമൂഹവും. നമ്മുടെ കുട്ടികൾക്ക് നാം നൽകുന്ന ഏറ്റവും വലിയ സമ്പത്ത് പണമോ വിദ്യാഭ്യാസമോ മാത്രമല്ല. ദൈവവിശ്വാസമുള്ള ഒരു ഹൃദയം, നല്ല മൂല്യങ്ങൾ, പ്രാർത്ഥന എന്ന ശീലം, മറ്റുള്ളവരെ സ്നേഹിക്കാനുള്ള മനസ്സ് - ഇവയാണ് ജീവിതകാലം മുഴുവൻ അവരോടൊപ്പം ഉണ്ടാകേണ്ട യഥാർത്ഥ സമ്പത്ത്.
മതബോധനം ഒരു മണിക്കൂർ ക്ലാസ്സ് മാത്രമല്ല, ഒരു തലമുറയെ ദൈവവിശ്വാസത്തിലേക്ക് നയിക്കുന്ന ഒരു ദൗത്യമാണ്. ആ ഏകലക്ഷ്യത്തോടെ പുതിയ തലമുറയെ നാളെയുടെ വിശുദ്ധ ജീവിതങ്ങളുടെ പടുവൃക്ഷമായി വളർത്തുന്നതിനായി മതാധ്യാപകരോടൊപ്പം മാതാപിതാക്കളായ നമുക്കും ഒരുമിച്ചു കൈകോർക്കാം.

**“പള്ളിയിൽ പോകണം” എന്നു പറയുന്നതിനൊപ്പം വിശ്വാസത്തോടെ പള്ളിയിലേക്ക അവരോടൊപ്പം നടക്കണം.**

**ബെക്സി ജോമോൻ**
Catechism department

# The Church on the Hill of Caves

In the summer of 1626, on a rugged hillside known as Tal-Għerien - "the caves" - Grand Master Antoine de Paule looked out over a growing cluster of homes and decided it was time this place had a name of its own. On the 20th of July, Casal Paula was born, carrying forward his family name into the future. The people who settled there needed more than a name, though - they needed a place to pray. So four years later, in 1630, de Paule built them a small church, dedicating it to St Ubaldesca, a gentle nun of the Order of St John. For generations, this modest chapel was the heart of the young town.

But towns grow, and by 1900 the little church could no longer hold everyone who wished to worship there. It was enlarged, and in 1910 a parish was formally founded, this time dedicated to the Sacred Heart of Jesus. Still, the population kept swelling - swollen further by families arriving from the Three Cities of Cospicua, Senglea and Vittoriosa during the hardship of the First World War. Something bigger was needed.

So in 1923, in a place called Tal-Borġ, the people of Paola broke ground on a dream: the largest church the island had ever attempted. Archbishop Pietro Pace wanted it to stand as Malta's monument to the International Eucharistic Congress of 1913, and he turned to a son of the parish itself - the architect Ĝużè Damato - to design it. Damato brought with him a secret from his years in Tunisia: ferro-concrete, a technique no one in Malta had used before. Under his hand, the walls rose with startling speed.

Word of the miracle spread. Archbishop Caruana and the young auxiliary Bishop Michael Gonzi visited the site again and again, and on one such visit Caruana could not contain himself. "This," he declared, "is a miracle in Casal Paula."

By 1928, the church still had no ceiling and its floor was rough and uneven - yet the people could wait no longer. Mass began to be said there anyway. Then, on 14 April 1936, the Blessed Sacrament itself was carried from old St Ubaldesca's into the unfinished giant, and from that day the new church became the true heart of the parish.





War came and slowed the builders' hands, but never stopped them. Piece by piece, dome by dome, the church grew through the fear and uncertainty of the Second World War. Finally, on 13 December 1959 - thirty-six years after the first stone was laid- the work was done. On 3 June 1967, Archbishop Michael Gonzi consecrated the building that generations had poured their faith into.

Today it stands as the largest church in Malta: eighty-three metres long, its dome soaring sixty metres into the Maltese sky, nineteen smaller domes clustered beneath it like attendants to a king. Inside, gold gilding and the paintings of young artist Manuel Farrugia catch the light. A marble Christ the King watches over the altar of the Blessed Sacrament, while a wooden titular statue, carved by Alfred Camilleri Cauchi, waits each year to be joined by ten great statues for the solemn Good Friday procession - a pageant of 250 biblical figures, walked through the streets two days before Easter.

And the story of this hill runs deeper still. Long before Grand Master de Paule ever climbed it, ancient hands had already left their mark beneath the earth - the Hal Saflieni Hypogeum, carved between 3800 and 2500 BC, now honoured by UNESCO as a World Heritage Site.

Then, on 5th April 2020, the story gained its final chapter: Pope Francis elevated the church to the dignity of a Minor Basilica. What had begun as a humble chapel for a new hillside town was now, officially, the Minor Basilica of Christ the King, Paola — the largest church in Malta, and still, amid the noise and hurry of a busy commercial town, an oasis where people come to rest in God's presence.

Abil Thomas

# ഒക്ടോബർ ജപമാലയുടെ മാസം

കത്തോലിക്ക സഭ ഒക്ടോബർ മാസം വിശുദ്ധ ജപമാലയുടെ മാസമായി ആചരിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തോടുള്ള പ്രത്യേക ഭക്തിയും യേശുക്രിസ്തുവിന്റെ ജീവിതത്തിലെ രക്ഷാകരമായ രഹസ്യങ്ങളെ ധ്യാനിക്കാനുള്ള അവസരവുമാണ് ജപമാല നമുക്ക്നൽകുന്നത്. കുടുംബങ്ങളിലും സമൂഹത്തിലും വ്യക്തിജീവിതത്തിലും പ്രാർത്ഥനയുടെ ആത്മാവ് വളർത്താൻ ഈ മാസം നമ്മെ പ്രത്യേകം ക്ഷണിക്കുന്നു.

ജപമാല വെറും പ്രാർത്ഥനകളുടെ ആവർത്തനമല്ല. മറിയത്തോടൊപ്പം യേശുവിന്റെ ജീവിതത്തെ ധ്യാനിക്കുന്ന ഒരു ആത്മീയ യാത്രയാണ് അത്. യേശുവിന്റെ ജനനം, ബാല്യം, പരസ്യജീവിതം, പീഡാനുഭവം, മരണം, ഉയിർപ്പ്, സ്വർഗാരോഹണം തുടങ്ങിയ രക്ഷാകര സംഭവങ്ങൾ ജപമാലയിലെ രഹസ്യങ്ങളിലൂടെ നാം ധ്യാനിക്കുന്നു. ഓരോ മണിയും നമ്മുടെ ഹൃദയത്തെ ക്രിസ്തുവിലേക്കു കൂടുതൽ അടുപ്പിക്കുന്ന ഒരു ക്ഷണമാകുന്നു.

## മറിയം ക്രിസ്തുവിലേക്കുള്ള വഴികാട്ടി

ജപമാലയുടെ കേന്ദ്രം മറിയമല്ല, **മറിയത്തിന്റെ പുത്രനായ യേശുക്രിസ്തുവാണ്**. "എന്തു കാര്യം അവൻ നിങ്ങളോടു പറഞ്ഞാലും അതു ചെയ്യുവിൻ" എന്ന മറിയത്തിന്റെ വാക്കുകൾ നമ്മെ യേശുവിന്റെ അടുക്കലേക്കാണ് നയിക്കുന്നത്. മറിയത്തോടൊപ്പം ജപമാല ചൊല്ലുമ്പോൾ, അവളുടെ വിശ്വാസവും വിനയവും അനുസരണവും നമ്മുടെ ജീവിതത്തിലും വളർത്താൻ നാം ശ്രമിക്കുന്നു.

ജപമാലയുടെ ഓരോ രഹസ്യവും ക്രിസ്തീയ ജീവിതത്തിന്റെ ഒരു പാഠമാണ്. സന്തോഷത്തിന്റെ രഹസ്യങ്ങൾ ദൈവത്തിന്റെ സ്നേഹവും അവതാരത്തിന്റെ അത്ഭുതവും നമ്മെ ഓർമ്മിപ്പിക്കുന്നു. പ്രകാശത്തിന്റെ രഹസ്യങ്ങൾ യേശുവിന്റെ പരസ്യജീവിതത്തിലേക്ക് നമ്മെ നയിക്കുന്നു. ദുഃഖത്തിന്റെ രഹസ്യങ്ങൾ ക്രിസ്തുവിന്റെ പീഡാനുഭവത്തോടും കുരിശിനോടും നമ്മെ ചേർക്കുന്നു. മഹത്വത്തിന്റെ രഹസ്യങ്ങൾ ഉയിർപ്പിന്റെയും നിത്യജീവിതത്തിന്റെയും പ്രത്യാശ നമ്മിൽ ഉണർത്തുന്നു.

## കുടുംബത്തിന്റെ പ്രാർത്ഥനയായ ജപമാല

ഇന്നത്തെ തിരക്കേറിയ ജീവിതത്തിൽ കുടുംബാംഗങ്ങൾ ഒരുമിച്ച് പ്രാർത്ഥിക്കാൻ ലഭിക്കുന്ന അവസരങ്ങൾ കുറയുകയാണ്. ഈ സാഹചര്യത്തിൽ ജപമാല കുടുംബങ്ങളെ വീണ്ടും ഒരുമിപ്പിക്കുന്ന ശക്തമായ പ്രാർത്ഥനയായി മാറുന്നു.

ദിവസവും ഏതാനും മിനിറ്റുകൾ കുടുംബമായി ജപമാല ചൊല്ലുന്നത് വീട്ടിൽ സമാധാനത്തിന്റെയും ഐക്യത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കും. കുട്ടികളെയും ജപമാല പ്രാർത്ഥനയിൽ പങ്കെടുപ്പിക്കുന്നത് അവരുടെ ഹൃദയങ്ങളിൽ വിശ്വാസത്തിന്റെ വിത്തുകൾ പാകുന്നു. കുടുംബത്തിലെ സന്തോഷങ്ങളും ദുഃഖങ്ങളും രോഗങ്ങളും പ്രശ്നങ്ങളും പ്രതീക്ഷകളും എല്ലാം ജപമാലയിലൂടെ മറിയത്തിന്റെ കരങ്ങളിൽ സമർപ്പിക്കാം.

**ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് നിലനിൽക്കും**"എന്ന ചിന്ത ജപമാലയുടെ കുടുംബപ്രാധാന്യം വ്യക്തമാക്കുന്നു.

## ലോകസമാധാനത്തിനായി ജപമാല



യുദ്ധങ്ങളും സംഘർഷങ്ങളും ഭിന്നതകളും നിറഞ്ഞ ലോകത്തിൽ സമാധാനത്തിനായി പ്രാർത്ഥിക്കേണ്ടത് ഇന്നത്തെ കാലത്തിന്റെ വലിയ ആവശ്യമാണ്. ജപമാല വ്യക്തിപരമായ ആവശ്യങ്ങൾക്കു മാത്രമല്ല, ലോകത്തിന്റെ സമാധാനത്തിനും സഭയ്ക്കും കുടുംബങ്ങൾക്കും രോഗികൾക്കും ദരിദ്രർക്കും ദുരിതമനുഭവിക്കുന്നവർക്കും വേണ്ടി പ്രാർത്ഥിക്കാനുള്ള മനോഹരമായ മാർഗമാണ്.

ജപമാല ചൊല്ലുമ്പോൾ നമ്മുടെ ഹൃദയത്തിൽ ക്രിസ്തുവിന്റെ സമാധാനം വളരുന്നു. ആ സമാധാനം നമ്മുടെ കുടുംബത്തിലേക്കും സമൂഹത്തിലേക്കും പകരുമ്പോൾ, ജപമാല ഒരു വ്യക്തിപരമായ ഭക്തിയിൽ നിന്ന് സ്നേഹത്തന്റെയും സമാധാനത്തിന്റെയും സാക്ഷ്യമായി മാറുന്നു.

## ഈ ഒക്ടോബറിൽ നമുക്ക് ചെയ്യാം

ഈ ജപമാല മാസത്തിൽ ചില ആത്മീയ തീരുമാനങ്ങൾ എടുക്കാം:

*** ദിവസവും കുടുംബമായി ഒരു ജപമാല ഭക്തിയോടെ ചൊല്ലാൻ ശ്രമിക്കാം.**
*** ഓരോ രഹസ്യവും ധ്യാനിച്ചുകൊണ്ട് പതുക്കെ പ്രാർത്ഥിക്കാം.**
*** നമ്മുടെ കുടുംബത്തിനും സഭയ്ക്കും ലോകസമാധാനത്തിനും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.**

* **ജപമാലയോടൊപ്പം പരിശുദ്ധ കുർബാന, കുമ്പസാരം, ദാനധർമ്മം തുടങ്ങിയ ക്രിസ്തീയ ജീവിതത്തിന്റെ മറ്റു വഴികളിലും കൂടുതൽ ശ്രദ്ധിക്കാം.**

ഒക്ടോബർ മാസം കലണ്ടറിലെ മറ്റൊരു മാസം മാത്രമാകാതെ **പ്രാർത്ഥനയിലേക്കും ക്രിസ്തുവിലേക്കും മറിയത്തിന്റെ മാതൃസംരക്ഷണത്തിലേക്കും നമ്മെ നയിക്കുന്ന ഒരു അനുഗ്രഹകാലമായി** മാറട്ടെ.

ജപമാലയുടെ ഓരോ മണിയും നമ്മുടെ ഹൃദയത്തിൽ വിശ്വാസത്തിന്റെ പ്രകാശം തെളിയിക്കട്ടെ. മറിയത്തിന്റെ മാതൃസ്നേഹത്തിൽ ആശ്രയിച്ച് യേശുവിനെ കൂടുതൽ സ്നേഹിക്കാനും പിന്തുടരാനും ഈ ജപമാല മാസം നമ്മെ സഹായിക്കട്ടെ.

**"പരിശുദ്ധ ജപമാല രാജ്ഞിയായ മറിയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ."**

**ഫിജോ ഫ്രാൻസിസ്**



# മാതാവിനോടുള്ള ഭക്തിയും ജപമാലയുടെ പ്രാധാന്യവും

വിശ്വാസത്തിന്റെ സൗന്ദര്യം എന്നു പറഞ്ഞാൽ തന്നെ കന്യകമാറിയത്തിന്റെ ആന്തരിക സൗന്ദര്യമാണ്. ആ സൗന്ദര്യമാണ് കാത്തോലിക്കസഭയുടെ വിശ്വാസത്തിന്റെ സൗന്ദര്യം. കത്തോലിക്കാസഭ എന്നത് ദൈവത്തിന്റെ കുടുംബമാണ്, ആ കുടുംബത്തിൽ അപ്പനും അമ്മയും സഹോദരങ്ങളും എല്ലാവരും ഉൾകൊള്ളുന്നതാണ്. പഴയനിയമം മുതൽ പുതിയനിയമം വരെയും സഭയിൽ അമ്മമാർക്ക് നല്ല പ്രാധാന്യം നൽകിയിരുന്നു. പഴയനിയമത്തിലെ സഭ ഇസ്രായേൽ ആണെങ്കിൽ പുതിയനിയമത്തിൽ നമ്മളും. യാക്കോബും പന്ത്രണ്ടു ആൺമക്കളും ആണ് പഴയനിയമത്തിലെ സഭയുടെ അടിത്തറ. പഴയനിയമത്തിലെ ഇസ്രായേൽ പുതിയ നിയമത്തിൽ വരാനിരിക്കുന്ന സഭയുടെ പ്രതീകമാണ്. യേശുവും പന്ത്രണ്ടു ശിഷ്യന്മാരും ആണ്, പുതിയ നിയമ സഭയുടെ അടിത്തറ.

യോഹന്നാന്റെ സുവിശേഷത്തിൽ മാതാവിന് വലിയ പ്രാധാന്യമുണ്ട്. കാനായിലെ കല്യാണവീട്ടിൽ യേശുവും ശിഷ്യന്മാരും ക്ഷണിക്കപ്പെട്ടിരുന്നു ; യേശുവിന്റെ അമ്മയായ മറിയം അവിടെയുണ്ടായിരുന്നു. അന്നു മുതൽ അമ്മ ആ ഭവനത്തിൽ ഉണ്ടായിരുന്നു.

അമ്മ ക്ഷണിക്കപ്പെടേണ്ട വ്യക്തിയല്ല ; നമ്മുടെ എല്ലാവരുടെയും ഭവനങ്ങളിൽ മാതൃസാന്നിധ്യം ഉണ്ടെന്നു ഉറപ്പുവരുത്തണം. പ്രത്യേകിച്ച് ഈ കാലഘട്ടത്തിൽ മാതാവിന്റെ സാന്നിധ്യം ഭവനങ്ങളിൽ നിറഞ്ഞുനിൽക്കണം. കാനായിലെ കല്യാണവീട്ടിലും, എലിസബത്തിന്റെ ഭവനത്തിലും അമ്മയെ സ്വീകരിച്ചപ്പോൾ ആ ഭവനങ്ങൾ അനുഗ്രഹമുള്ളതായിമാറി എന്നു പറയുന്നു. അതുപോലെ നമ്മുടെ ഭവനങ്ങളും അനുഗ്രഹമുള്ളതാകാൻ നമുക്ക് തന്നിരിക്കുന്ന സഹായിയാണ് ജപമാല.

പരിശുദ്ധ അമ്മയോടുള്ള ബന്ധത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ജപമാല. ജപമാല ചൊല്ലാതെ ആർക്കും അമ്മയുടെ അടുത്ത് എത്താൻ സാധ്യമല്ല. കാരണം, ജപമാല എന്ന പ്രാർത്ഥനയാണ് നമ്മെ അമ്മയിലേക്ക് അടുപ്പിക്കുന്നത്. ജപമാല ചൊല്ലുന്നത് ഈ കാലഘട്ടത്തിൽ വളരെ അത്യാവശ്യമാണ്, അത് വളരെ ശക്തമായ ഒരു പ്രാർത്ഥനയാണ്. നമ്മൾ കാത്തോലിക്കർക്കിടയിലെ ഒരു വലിയ വിശ്വാസമാണ് പരിശുദ്ധ അമ്മയുടെ സംരക്ഷണം. ആ സംരക്ഷണം ലഭിക്കണമെങ്കിൽ ജപമാല എന്ന ആയുധത്തെ മുറുകെ പിടിക്കുക.
അങ്ങനെ, ജപമാലയിലൂടെ നമ്മുടെ ഭവനങ്ങളെ അനുഗ്രഹത്തിന്റെ ഒരു ഭവനമാക്കി മാറ്റാൻ നമുക്ക് സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

Royson Pauly

ST. THOMAS SYRO MALABAR COMMUNITY - MALTA

# the APOSTLE



**നവംബർ  ലക്കം പാരിഷ് ബുള്ളറ്റിനിലേക്കുള്ള രചനകൾ ക്ഷണിക്കുന്നു.**

**കഥ, കവിത, ലേഖനങ്ങൾ, ചിത്ര കല. ഇങ്ങനെ ദൈവം നിങ്ങൾക്ക് നൽകിയ കഴിവുകൾ എന്തുമാവട്ടെ അത് വളർത്തുവാനും ദൈവത്തിനും മറ്റുള്ളവർക്കുമായി പങ്കു വെയ്ക്കുവാനും  ഇതാ ഒരു അവസരം...**
**നിങ്ങളുടെ സർഗ്ഗസൃഷ്ടികൾ ഈ മാസം ഇരുപതാം തിയതിക്കു മുൻപ് താഴെ കൊടുത്തിരിക്കുന്ന നമ്പറുകളിലേയ്ക്ക് അയയ്ക്കുക.**

**നിങ്ങളുടെ കഴിവ് ഒരു ദൈവദാനമാണ് അത് പങ്കുവെക്കൂ, പ്രചോദനമാകൂ........**

**സ്നേഹാശംസകളും ഓർമ്മദിനങ്ങളും പങ്കുവെക്കാം...  നമ്മുടെ പാരിഷ് ബുള്ളറ്റിനിലൂടെ**

**ജന്മദിനാശംസകൾ, വിവാഹ വാർഷിക ആശംസകൾ, പ്രിയപ്പെട്ടവരുടെ ഓർമ്മദിനങ്ങൾ, വ്യക്തിഗത / സ്ഥാപന പരസ്യങ്ങൾ**

**നമ്മുടെ ഇടവക കുടുംബത്തിലെ സന്തോഷങ്ങളും സ്നേഹസ്മരണകളും എല്ലാവരിലേക്കും എത്തിക്കാം.**

**ഫോട്ടോയും വിവരങ്ങളും അയക്കേണ്ട WHATSAPP നമ്പർ**

അതുൽ +356 77184138
ഫിജോ +356 77985997

# VISIT OUR WEBSITE FREQUENTLY FOR DAILY UPDATES




**"Please make sure to register officially through the website to become a member of our parish directory."**

Visit Website

www.stthomassyromalabarparishmalta.org

**follow us**